# വെളിയം ഗ്രാമപഞ്ചായത്ത് കാര്യാലയം

**ഓടനാവട്ടം (പി ഒ) 691512**

Email-veliyamgramapanchayat@gmail.com ഫോൺ :0474 2462021


നം : എസ്.സി 2 : 3521534/2025 തീയതി : 15/05/2026

## പുനർ ലേല പരസ്യം

വെളിയം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റൻറ് എൻജിനീയർ ഓഫീസ്, കുടുംബശ്രീ ഓഫീസ്, എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസ് എന്നിവ പ്രവർത്തിച്ചിരുന്ന 3/658 നമ്പർ കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള പുനർ ലേലം ( വാല്യുവേഷൻ അടിസ്ഥാനത്തിൽ) 23.05.2026-ാം തീയതി രാവിലെ 11.00 മണിയ്ക്ക് വെളിയം ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വച്ച് നടത്തുന്നു. പുനർ ലേലത്തിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 5000/- രൂപ അന്നേ ദിവസം രാവിലെ 10.30 ന് മുൻപായി ഒടുക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 10.30 വരെ സമർപ്പിക്കാവുന്നതാണ്. പുനർ ലേലം അന്തിമമാക്കുന്നതിന് മുൻപ് , ലഭിച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും പുനർ ലേലം/ ക്വട്ടേഷനുകൾ ഏറ്റവും ഉയർന്ന തുക ക്വാട്ട് ചെയ്ത ആളുകളുടെ പേരിൽ പുനർ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. ക്വട്ടേഷൻ തുകയുടെ 25 % അന്നേ ദിവസം ഉച്ചകഴിഞ്ഞ് 3.30 ന് മുൻപായി ഓഫീസിൽ അടയ്ക്കേണ്ടതാണ്. പുനർ ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് കൊണ്ടുള്ള അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ലേലതുകയും 18% ജി.എസ്.റ്റി ഉൾപ്പെടെ ഒടുക്കേണ്ടതും 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വെയ്ക്കേണ്ടതുമാണ്. ലേലം സംബന്ധിച്ചുള്ള സർക്കാരിൻറെ നിലവിലുള്ള എല്ലാ ഉത്തരവുകളും/ നിബന്ധനകളും ഈ പുനർലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾ പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

നിബന്ധനകൾ

1. പുനർ ലേലം കൊണ്ടിട്ടുള്ള കെട്ടിടം , സമീപമുള്ള സ്ഥാപനം/ വസ്തുവകകൾക്ക് യാതൊരുവിധ കേടുപാടുകളും കൂടാതെ സ്വന്തം ഉത്തരവാദിത്വത്തിൽ പൊളിച്ച് നീക്കേണ്ടതും ആയത് പൂർണ്ണമായും നീക്കം

ചെയ്യേണ്ടതുമാണ്. അല്ലാത്തപക്ഷം ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ടിയാൻ ഉത്തരവാദി ആയിരിക്കുന്നതും ടിയാനെതിരെ നിയമവിധേയമായി നടപടികൾ സ്വീകരിക്കുന്നതുമാണ്.

2. ക്വട്ടേഷൻ ഉറപ്പിക്കുവാനോ മാറ്റി വെയ്ക്കുവാനോ ഉള്ള എല്ലാ അധികാരവും പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമാണ്.
3. 23.05.2026 ന് 11.00 മണി മുതൽ ലേലനടപടികൾ ആരംഭിക്കും. ഇ.എം.ഡി അടവാക്കി ടോക്കൺ കൈപ്പറ്റിയവർക്ക് മാത്രമേ പുനർ ലേലഹാളിലേക്ക് പ്രവേശനം ലഭിക്കുകയുള്ളൂ.
4. പുനർ ലേലം കൊണ്ട വ്യക്തി നിശ്ചിത സമയത്തിനകം ലേല തുകയും നികുതിയും അടവാക്കാത്ത പക്ഷം ആയത് മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടത്തിന് പ്രസ്തുത വ്യക്തി ഉത്തരവാദി ആയിരിക്കുന്നതും നഷ്ടം നികത്തുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികളും, പിന്നീട് യാതൊരു ലേലത്തിലും പങ്കെടുക്കാൻഅനുവാദം ലഭിക്കാത്ത തരത്തിൽ കർശ്ശന നിയമനടപടി ഉൾപ്പെടെ സ്വീകരിക്കുന്നതുമായിരിക്കും.

സ്ഥലം : ഓടനാവട്ടം

തീയതി : 15.05.2026

Secretary
Veliyam Grama Panchayat
Odanavattom P.O., Kollam (Dist), Kerala - 691 512
Tel: 0474 2462021, 9496041769